# പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3530     15.07.2015 ൽ മറുപടിയ്ക്ക്

**ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.എ.വാഹിദ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ടി.എൻ.പ്രതാപൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിലെ ഖരമാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എ) | ആശുപത്രികളിൽ നിന്നും പ്രതിദിനം പുറംതള്ളുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എ യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 'IMAGE' എന്ന സംവിധാനം മുഖേനയാണ്. ബയോമെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഒരു കിടക്കയ്ക്ക് ഒരു ദിവസം 3.50(മൂന്ന് രൂപ അൻപത് പൈസ) എന്ന നിരക്കിൽ ചെലവ് വരുന്നു. ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൻ, കത്തിറ്ററുകൾ, മനുഷ്യകോശാവശിഷ്ടങ്ങൾ, തുടങ്ങിയവ വേർ തിരിച്ച ശേഷം ഇവ ശേഖരിച്ച് 'IMAGE' സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇതിനു വേണ്ടി ഇൻസിനറേറ്ററുകൾ, ഷാർപ്പ്പിറ്റ്, തുടങ്ങിയ സംവിധാനങ്ങളുംനിലവിലുണ്ട്.<br>പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക്, തുടങ്ങിയ ജനറൽ വേസ്റ്റുകൾ ആശുപത്രിയിൽ വച്ച് തന്നെ സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും മാലിന്യങ്ങൾ സംസ്കരിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾനവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) യും (സി) യും | ഇത് സംബന്ധിച്ച ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (സി) | ബി.എ.ആർ.സി മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾഉൾപ്പെടെയുള്ള ആശുപത്രികളിൽ പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ